2026
JUNE
29
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# യുദ്ധം തിരിച്ചടിയാകില്ല, ഇന്ത്യ കുതിക്കും; ഗോൾഡ്മാൻ സാക്സ്

**ന്യൂഡൽഹി:** പശ്ചിമേഷ്യൻ യുദ്ധം തിരിച്ചടിയായില്ല, ഇന്ത്യൻ സാമ്പത്തിക മേഖല ഇക്കൊല്ലം 6.5 ശതമാനം വളർച്ച കൈവരിക്കുമെന്ന് യുഎസ് സാമ്പത്തിക സ്ഥാപനമായ ഗോൾഡ്മാൻ സാക്സിന്റെ റിപ്പോർട്ട്. ഇക്കൊല്ലം ഇന്ത്യ 6.1 ശതമാനം വളർച്ച നേടുമെന്നാണ് ഗോൾഡ്മാൻ.

നടപ്പുകലണ്ടർ വർഷത്തിലെ രണ്ടാം പാദത്തിലെ (ഏപ്രിൽ ജൂൺ) ജിഡിപി വളർച്ച പ്രതീക്ഷിച്ചതിലും കൂടുതലായിരിക്കുമെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു. ക്രൂഡോയിൽ വില കുറയുന്നത് കണക്കിലെടുത്താണ് മാറ്റം. കൂടാതെ പണപ്പെരുപ്പവും ധനക്കമ്മിയും കുറയുമെന്നും റിപ്പോർട്ടിൽ പറയുന്നു.



കോവിഡ് കാലത്തിനു ശേഷം ഇന്ത്യൻ സാമ്പത്തിക മേഖല 7 ശതമാനത്തിനു താഴെ വളർച്ച നേടുന്നത് ഇതാദ്യമായിരിക്കും. ആദ്യപാദത്തിൽ 7.8 ശതമാനമായിരുന്നു ഇന്ത്യയുടെ ജിഡിപി വളർച്ച. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ ആഘാതം ഇന്ത്യയെ സാരമായി ബാധിച്ചിട്ടില്ലെന്നും ബാങ്ക് റിപ്പോർട്ടിൽ തുടരുന്നു.

സാമ്പത്തിക മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകൾ ഈ പ്രതിസന്ധിയെ നേരിടാൻ പോന്നവയായിരുന്നു. എന്നാൽ ക്രൂഡോയിൽ വില ഉയർന്നതു കാരണം രണ്ടാം പാദത്തിൽ (ഏപ്രിൽ-ജൂൺ) ചെലവിടൽ വളർച്ച കുറയാൻ സാധ്യതയുണ്ട്. നിലവിൽ ക്രൂഡോയിൽ വില കുറഞ്ഞതിനാൽ ഈ ആഘാതം മൂന്നാം പാദം (ജൂലൈ-സെപ്റ്റംബർ) കടന്നു പോകാൻ ഇടയില്ല.

ക്രൂഡോയിൽ വില കുറഞ്ഞത് രാജ്യത്തെ പണപ്പെരുപ്പം കുറയ്ക്കാനും സഹായിക്കുമെന്നും ബാങ്ക് പറയുന്നു. ഇതിനൊപ്പം വിദേശനിക്ഷേപം ആകർഷിക്കാനുള്ള കേന്ദ്രനടപടികളും സാമ്പത്തിക മേഖലയിൽ ഗുണം ചെയ്യും. കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സാമ്പത്തിക മേഖലയിൽ താൽകാലിക തിരിച്ചടിയാകും. എന്നാൽ ഈ വർഷത്തിന്റെ അവസാനത്തോടെ സാമ്പത്തിക മേഖല കുതിക്കാനുള്ള സാധ്യതയുണ്ടെന്നും ബാങ്ക് വിലയിരുത്തുന്നു.



# വെനിസ്വേലയിൽ അടിയന്തര സഹായവുമായി ഇന്ത്യയുടെ 'ഓപ്പറേഷൻ അമിസ്റ്റാഡ്'

**ന്യൂഡൽഹി:** വടക്കൻ വെനിസ്വേലയിലുണ്ടായ അതിശക്തമായ ഭൂകമ്പത്തെത്തുടർന്ന് ദുരിതബാധിതർക്ക് അടിയന്തര വൈദ്യസഹായവും രക്ഷാപ്രവർത്തനവും എത്തിക്കുന്നതിനായി ഇന്ത്യ 'ഓപ്പറേഷൻ അമിസ്റ്റാഡ്' ആരംഭിച്ചു. റിക്ടർ സ്കെയിലിൽ 7.2, 7.5 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പങ്ങളിൽ ഇതുവരെ 235ലധികം പേർ മരിക്കുകയും 4,300ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഈ അടിയന്തര സാഹചര്യത്തിൽ ഇന്ത്യൻ വ്യോമസേനയുടെ രണ്ട് സി17 വിമാനങ്ങൾ ഹിൻഡൺ എയർഫോഴ്സ് സ്റ്റേഷനിൽ നിന്ന് ജീവൻരക്ഷാ സാമഗ്രികളുമായി വെനിസ്വേലയിലേക്ക് തിരിച്ചു.

ദുരന്തബാധിത പ്രദേശങ്ങളിൽ അടിയന്തര ചികിത്സ നൽകുന്നതിനായി ഇന്ത്യൻ സൈന്യത്തിന്റെ 60 പാരാ ഫീൽഡ് ഹോസ്പിറ്റലിൽ നിന്നുള്ള 9 സൈനിക ഡോക്ടർമാരുൾപ്പെടെയുള്ള 41 അംഗ വിദഗ്ധ സംഘമാണ് ദൗത്യത്തിലുള്ളത്. ഫീൽഡ് ആശുപത്രി യൂണിറ്റും മരുന്നുകളും ഉൾപ്പെടെ ഏകദേശം 35 ടൺ ദുരിതാശ്വാസ സാമഗ്രികൾ ഇന്ത്യ ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമെ, മിനിറ്റുകൾക്കുള്ളിൽ പ്രവർത്തനസജ്ജമാക്കാനും ഒരേസമയം 200 രോഗികൾക്ക് നിർണായക ചികിത്സ നൽകാനും കഴിയുന്ന 'ഭീഷ്മ ക്യൂബ്സ്' എന്ന അത്യാധുനിക മൊബൈൽ ആശുപത്രികളും സഹായത്തിൽ ഉൾപ്പെടുന്നു.

ഈ ദുഷ്കരമായ സമയത്ത് വെനിസ്വേല സർക്കാരിനെയും ജനങ്ങളെയും പിന്തുണയ്ക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ അറിയിച്ചു. 'വസുധൈവ കുടുംബകം' (ലോകം ഒരു കുടുംബമാണ്) എന്ന ഭാരതീയ ദർശനത്തിലൂന്നി നടത്തുന്ന ഈ മാനവിക ദൗത്യം, ലോകത്തെവിടെ ദുരന്തമുണ്ടായാലും ആദ്യമെത്തുന്ന രാജ്യം അഥവാ 'ഫസ്റ്റ് റെസ്പോണ്ടർ' എന്ന ഇന്ത്യയുടെ സ്ഥാനം കൂടുതൽ ഉറപ്പിക്കുകയും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തമാക്കുകയും ചെയ്യുന്നു.

# റാസ് തനുറ തുറന്ന് അരാംകോ; ഇന്ധന ക്ഷാമം തീരുന്നു

**ദുബായ്:** സൗദിയിലെ റാസ് തനുറ ടെർമിനലിൽ നിന്നു 4 മാസത്തിനു ശേഷം ടാങ്കറുകളിൽ അസംസ്കൃത എണ്ണ നിറച്ചു തുടങ്ങി. ഇതോടെ ഹോർമുസ് വഴിയുള്ള എണ്ണ വിതരണം



അതിവേഗം സാധാരണ നിലയിലാകും. സൗദിയിലെ ഏറ്റവും വലിയ എണ്ണ കമ്പനിയായ അരാംകോയാണു കയറ്റുമതി വീണ്ടും തുടങ്ങുന്നത്.

ചെങ്കടലിലെ യാൻബു തുറമുഖത്ത് നിന്നാണ് ഇപ്പോൾ സൗദി എണ്ണ കയറ്റുമതി ചെയ്യുന്നത്. ഇത് ആകെ കയറ്റുമതിയുടെ 75% മാത്രമേ വരൂ. റാസ് തനുറ ടെർമിനലിലെ ജുഅയ്മാഹ് ലോഡിങ് പോയിന്റിൽ സൗദി ഉടമസ്ഥതയിലുള്ള ബഹ്റി കമ്പനിയുടെ സായ്നാഹ്, അമദ് എന്നീ പടുകൂറ്റൻ ടാങ്കറുകളാണു നങ്കൂരമിട്ടിരിക്കുന്നത്. സമീപത്തായി ഖസ്ബ എന്ന ടാങ്കറുമുണ്ട്. ഈ ടാങ്കറുകൾ ട്രാക്കിങ് സിഗ്നൽ ഓഫ് ചെയ്താണു ഹോർമുസ് കടന്നു സൗദി തീരത്ത് എത്തിയത്. ബഹ്റി കമ്പനിയുടെ 3 സൂപ്പർ ടാങ്കറുകൾ കൂടി ഒമാൻ സമുദ്രാതിർത്തിയിൽ കാത്തുകിടക്കുകയാണ്.

റാസ് തനുറയിൽ അസംസ്കൃത എണ്ണയ്ക്കു പുറമേ എൽപിജിയും ശുദ്ധീകരിച്ച എണ്ണയും കയറ്റുമതി ചെയ്യുന്ന രണ്ടു ടെർമിനലുകൾ കൂടി പ്രവർത്തിക്കുന്നുണ്ട്. ഒരേ സമയം 12 ടാങ്കറുകളിൽ ഇന്ധനം നിറയ്ക്കാനുള്ള സൗകര്യമുണ്ട്.






## അറബിക് ടൈപ്പിംഗ് സീറ്റൊഴിവ്

**തിരുവനന്തപുരം:** കേരള സർവകലാശാല അറബി വിഭാഗം നടത്തി വരുന്ന അറബിക് ടൈപ്പിംഗ് കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത എസ്.എസ്.എൽ.സി./ തത്തുല്യം. ഫീസ്: 3000/. കാലാവധി: 3 മാസം. അപേക്ഷ ഫോം www.arabicku.in ലും, പഠനവകുപ്പ് ഓഫീസിലും ലഭ്യമാണ്. അഡ്മിഷൻ ആഗ്രഹിക്കുന്നവർ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം 2026 ജൂൺ 30 ന് മുൻപായി കാര്യവട്ടത്തുള്ള അറബി പഠന വകുപ്പിൽ എത്തിച്ചേരുക. വിശദവിവരങ്ങൾ: 9633812633 / 0471230884

## മഹാത്മാ ഗാന്ധി സർവകലാശാല ബിരുദ ഏകജാലകം രണ്ടാം അലോട്മെന്റ്: ജൂൺ 30 വരെ പ്രവേശനം നേടാം

മഹാത്മാഗാന്ധി സർവകലാശാല 2026-27 അധ്യയന വർഷത്തെ ബിരുദ ഏകജാലക പ്രവേശനത്തിന്റെ രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് cap.mgu.ac.in എന്ന സൈറ്റിൽ ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിവരങ്ങൾ പരിശോധിക്കാം.

ലഭിച്ച ഓപ്ഷൻ തൃപ്തികരമാണെങ്കിൽ 'അക്സപ്റ്റൻസ്' രേഖപ്പെടുത്തി, സർവകലാശാല ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യണം. തുടർന്ന് ജൂൺ 30 നുള്ളിൽ ബന്ധപ്പെട്ട കോളേജിൽ പ്രവേശനം നേടേണ്ടതാണ്. ഫീസ് അടച്ച് മെമ്മോ ഡൗൺലോഡ് ചെയ്തു കഴിഞ്ഞാൽ അക്സപ്റ്റൻസ് റദ്ദാക്കാൻ സാധിക്കില്ല. താല്പര്യമില്ലാത്ത കോഴ്സോ കോളേജോ ആണ് ലഭിച്ചതെങ്കിൽ അക്സപ്റ്റൻസ് രേഖപ്പെടുത്താതെ മറ്റു കോളേജുകളിൽ നിന്നുള്ള വിലിങ്നെസ്സിനു കാത്തിരിക്കാവുന്നതാണ് . ഒന്നാം വർഷ ക്ലാസുകൾ ജൂലൈ 1 ന് ആരംഭിക്കും.



## ശിവഗിരി മഠം ആസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെൻറ് ചീഫ് വിപ്പിനെ ആദരിച്ചു

**ശിവഗിരി:** ശിവഗിരിമഠത്തിലെത്തിയ ആസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെൻറ് ചീഫ് വിപ്പ് ലീ ടാർലാമിസിനെ ശനിയാഴ്ച ശിവഗിരി മഠം ആദരിച്ചു. കഴിഞ്ഞ വർഷം ഒക്ടോബറിൽ ആസ്ട്രേലിയയിൽ സർവമത സമ്മേളന ശതാബ്ദി സമ്മേളനം സംഘടിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച ലീ ടാർലാമിസ് ഭാര്യ ചാവോ ലീ ടാർലാമിസിനൊപ്പമാണ് മഠം സന്ദർശിച്ചത്.

ആസ്ട്രേലിയയിലെ ഏറ്റവും വലിയ മലയാളി സമൂഹമുള്ള സംസ്ഥാനമാണ് വിക്ടോറിയ. സാമൂഹിക സാംസ്കാരിക രംഗത്തെ വൈവിധ്യങ്ങൾ വെല്ലുവിളിയല്ലെന്നും അത് സമൂഹത്തിൻറെ ഒരുമയ്ക്ക് ഏറ്റവും വലിയ ശക്തിയായി മാറണമെന്നും അദ്ദേഹം പറഞ്ഞു. സാങ്കേതികവിദ്യ ലോകത്തെ കൂടുതൽ അടുപ്പിച്ചെങ്കിലും തെറ്റിദ്ധാരണകളും അസഹിഷ്ണുതയും സാമൂഹിക വിഭജനങ്ങളും മനുഷ്യരെ അകറ്റുകയാണ്. ഇത്തരം സാഹചര്യത്തിൽ ശ്രീനാരായണ ഗുരുദേവൻറെ ദർശനം പ്രത്യാശയുടെ വെളിച്ചം മാത്രമല്ല, മനുഷ്യരാശിയുടെ ഭാവിസുരക്ഷക്കുള്ള പ്രായോഗിക മാർഗ്ഗരേഖകൂടിയാണെന്നും അദ്ദേഹം പറഞ്ഞു. ശിവഗിരിയിലെ അന്നക്ഷേത്രം ആഡിറ്റോറിയത്തിൽ നടന്ന ആദരിക്കൽ ചടങ്ങ് വി. ജോയ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സ്വാമി സച്ചിദാനന്ദ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ സ്വാഗതം ആശംസിച്ചു.

വിക്ടോറിയൻ പാർലമെൻറിൽ സർവമത സമ്മേളനം സംഘടിപ്പിക്കാൻ കഴിഞ്ഞതുപോലെ കേരള നിയമസഭയിൽ ഇതുവരെ അത്തരമൊരു സമ്മേളനം നടത്താൻ ഇടയായിട്ടില്ലെന്ന് അധ്യക്ഷപ്രസംഗത്തിൽ സ്വാമി സച്ചിദാനന്ദ ചൂണ്ടിക്കാട്ടി. ഇതിന് മറുപടിയായി, ശിവഗിരി മഠം ഔദ്യോഗികമായി അഭ്യർത്ഥിച്ചാൽ നിയമസഭയോടു ചേർന്ന ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ ഈവിധമൊരു സമ്മേളനം സംഘടിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ ഇടപെടലുകളും നടത്തുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ വി. ജോയ് എം.എൽ.എ. അറിയിച്ചു. മഠത്തിൻറെ ആദരമേകുന്ന സാക്ഷീപത്രവും ഉപഹാരവും സ്വീകരിച്ചുകൊണ്ട് ഇനിയും ശിവഗിരി മഠവുമായി സഹകരിച്ചു പോകണമെന്നാണ് ആഗ്രഹിക്കുന്നതെന്ന് ചീഫ് വിപ്പ് പറഞ്ഞു.



അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ നടന്ന ബിരുദ ദാന സമ്മേളനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ സർട്ടിഫിക്കറ്റുകൾ നൽകി ഉദ്ഘാടനം ചെയുന്നു. അനൂപ് കൃഷ്ണൻ, കെ. കെ അജിത് കുമാർ, ഡോ കിരൺ രാജെന്ന, ഡോ ജേക്കബ് തോമസ്, ഷിമിത്ത് പി ആർ, സച്ചിൻ ജേക്കബ് പോൾ, ജെനിബ് ജെ കാച്ചപ്പിള്ളി, പി ആർ ശശി, എസ് സത്യമുത്തി, അബ്ദുൽ നാസർ എം പി, ജയശ്രീ കെ തുടങ്ങിവർ സമീപം

## വിദ്യാർത്ഥികൾ തൊഴിൽ ദാതാക്കളാകണം : മന്ത്രി റോജി എം ജോൺ

**അങ്കമാലി:** കേരളത്തിലെ വിദ്യാർത്ഥികൾ തൊഴിൽ തേടുന്നവരേക്കാൾ തൊഴിൽ ദാതാക്കളായി മാറണമെന്ന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ പറഞ്ഞു, അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ നടന്ന ബിരുദ സമർപ്പണ ദിനത്തോട് അനുബന്ധിച്ചുള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു റോജി. ദീർഘ നാളത്തെ കാത്തിരുപ്പ് പൂർത്തിയാക്കി നിങ്ങൾ പുറത്തിറങ്ങുമ്പോൾ നിങ്ങളുടെ സ്വപനങ്ങളെ ചേർത്തുപിടിക്കാൻ നിങ്ങൾക്ക് കഴിയണം . കേരളത്തിലേക്ക് മാതൃക പരമായി പുറം സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങൾ നിന്ന് പോലും വിദ്യാർത്ഥികൾ ഇവിടെ വന്നു പഠിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവുമെന്ന് മന്ത്രി റോജി എം ജോൺ കൂട്ടിച്ചേർത്തു. ചടങ്ങിൽ ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് അധ്യക്ഷത വഹിച്ചു. പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ പ്രേത്യക സമ്മാനങ്ങൾ നൽകി ആദരിച്ചു . എം ബി എ, എം സി എ, എം ടെക്, ബി ടെക്ക് വിദ്യാർത്ഥികൾക്കാണ് കോഴ്സ് പൂർത്തീകരണ സെർടിഫിക്കറ്റുകൾ വിതരണം ചെയ്തത്. പ്രൗഢ ഗംഭീരമായ ചടങ്ങിൽ ബാംഗ്ലൂർ എത്തനോട്ടക്ക് അക്കാദമി ചെയർമാൻ ഡോ കിരൺ രാജണ്ണ, ഫിസാറ്റ് വൈസ് ചെയർമാൻ സച്ചിൻ ജേക്കബ് പോൾ, ട്രഷറർ ജെനിബ് ജെ കാച്ചപ്പിള്ളി, പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, വിവിധ വകുപ്പുകളുടെ മേധാവിമാർ, തുടങ്ങി നിരവധി പ്രമുഖർ പരിപാടിൽ പങ്കെടുത്തു




## നിർമലാ കോളജ് ആദ്യ ഓട്ടോണമസ് പിജി ബിരുദദാനച്ചടങ്ങ് സംഘടിപ്പിച്ചു

**മൂവാറ്റുപുഴ:** ജീവിതത്തിൽ വിജയം മാത്രം പ്രതീക്ഷിച്ചു ജീവിക്കരുതെന്നും പരാജയങ്ങളെ ആത്മവിശ്വാസത്തോടെ നേരിടാൻ വിദ്യാർഥികൾക്ക് കഴിയണമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ. മൂവാറ്റുപുഴ നിർമലാ കോളജ് (ഓട്ടോണമസ്) സംഘടിപ്പിച്ച ആദ്യ ബിരുദദാനച്ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

തങ്ങളുടെ ഫുട്ബോൾ ജീവിതം അവസാനിച്ചുവെന്ന് ലോകം കരുതിയടത്തുനിന്നും കഠിനാധ്വാനം കൊണ്ട് വിജയപഥത്തിലേക്ക് തിരിച്ചെത്തിയ ലയണൽ മെസിയെയും, കരിയറിൽ പലവട്ടം പരാജയം തൊട്ടറിഞ്ഞിട്ടും തളരാത്ത ആത്മവിശ്വാസത്തോടെ വീണ്ടും വിജയങ്ങൾ കൊയ്ത ക്രിസ്റ്റ്യാനോ റൊണാൾഡോയെയും വിദ്യാർഥികൾക്ക് മാതൃകയാക്കാവുന്നതാണെന്ന് മന്ത്രി ഓർമ്മിപ്പിച്ചു. തൊഴിലുകളുടെ സ്വഭാവം നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഈ ആധുനിക യുഗത്തിൽ, കാലത്തിനനുസരിച്ച് പുതിയ അറിവുകൾ തേടാനും സ്വയം നവീകരിക്കാനും യുവതലമുറ തയ്യാറാകണമെന്നും റോജി കൂട്ടിച്ചേർത്തു.

കോളജ് ഓഡിറ്റോറിയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ കോതമംഗലം രൂപത മെത്രാനും കോളജ് രക്ഷാധികാരിയുമായ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂത്തു മുഖ്യപ്രഭാഷണം നടത്തി. നിർമല കോളജ് പ്രിൻസിപ്പൽ റവ. ഡോ. ജസ്റ്റിൻ കെ. കുര്യാക്കോസ് സ്വാഗതമാശംസിച്ചു.

വിവിധ വകുപ്പ് മേധാവികൾ ബിരുദധാരികളെ വേദിയിൽ സമർപ്പിച്ചു. തുടർന്ന് റാങ്ക് ജേതാക്കളെയും മികച്ച വിജയം കൈവരിച്ച വിദ്യാർഥികളെയും ചടങ്ങിൽ ആദരിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. വിദ്യാർഥികൾ സമൂഹത്തിന്റെ പുരോഗതിക്കായി അറിവ് വിനിയോഗിക്കുമെന്ന ബിരുദദാന പ്രതിജ്ഞ ചൊല്ലി.

കോളജ് മാനേജർ റവ. ഡോ. മോൺ. പയസ് മലേകണ്ടത്തിൽ, ഉന്നതവിദ്യാഭ്യാസ സെക്രട്ടറി റവ. ഡോ. പോൾ പാറത്താഴം, മൂവാറ്റുപുഴ എം.എൽ.എ. ഡോ. മാത്യു കുഴൽനാടൻ എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്നു സംസാരിച്ചു. വൈസ് പ്രിൻസിപ്പൽമാരായ ഡോ. സോണി കുര്യാക്കോസ്, ഡോ. അനു ജോസി ജോയ്, ഡോ. ഷൈമോൻ ജോസഫ്, ബർസാർ റവ. ഫാ. പോൾ കളത്തൂർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. പ്രോഗ്രാം കോർഡിനേറ്റർ ഡോ. നിബു തോംസൺ നന്ദി രേഖപ്പെടുത്തി.

# ലഹരി മാഫിയയെ ജനജാഗ്രത പോർട്ടൽ ആരംഭിക്കുമെന്ന് മന്ത്രി

**തിരുവനന്തപുരം:** ലഹരിമരുന്ന് വില്പനയെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറാനും, ലഹരിവിമോചനകൗൺസിലിങ് സഹായങ്ങൾക്ക് രജിസ്റ്റർ ചെയ്യാനുമായി മയങ്ങില്ല കേരളം പദ്ധതിയുടെ ഭാഗമായി 'ജനജാഗ്രത പോർട്ടൽ' ജൂലൈ ഒന്ന് മുതൽ പ്രവർത്തനമാരംഭിക്കുമെന്ന് എക്സൈസ് മന്ത്രി എം ലിജു വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇന്ത്യയിൽ തന്നെ ഇത്തരമൊരു ഡിജിറ്റൽ സംവിധാനം ആദ്യമാണ്. വിവരങ്ങൾ നൽകുന്നവരുടെ പേരുവിവരങ്ങൾ തികച്ചും രഹസ്യമായി സൂക്ഷിക്കുമെന്നും അവരുടെ പൂർണ സുരക്ഷിതത്വം ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് ലഹരിമരുന്ന് മാഫിയക്കെതിരെയുള്ള പോരാട്ടം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ ആധുനികവല്ക്കരിച്ച എൻഫോഴ്സ്മെന്റ് പദ്ധതിയായ 'ഓപ്പറേഷൻ തണ്ടർ' പുനരാരംഭിച്ചതായും മന്ത്രി പറഞ്ഞു. വ്യാജകള്ളിന്റെ ഉല്പാദനവും വിതരണവും തടയാൻ 'ഓപ്പറേഷൻ ശുദ്ധി' എന്ന പേരിൽ കർശന പരിശോധനകൾ ആരംഭിച്ചിട്ടുണ്ട്. അതിർത്തി ചെക്ക് പോസ്റ്റുകളിൽ അഴിമതി ഒഴിവാക്കാൻ സത്യസന്ധരായ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കും. ഘട്ടഘട്ടമായി മദ്യോപയോഗം കുറച്ചുകൊണ്ടുവരികയും ലഹരി പൂർണമായും ഇല്ലാതാക്കുകയുമാണ് സർക്കാരിന്റെ പ്രഖ്യാപിത നയം.

സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തുടനീളം നടത്തിയ ശക്തമായ പരിശോധനകളിൽ 14,722 കേസുകളാണ് ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി ഇതുവരെ രജിസ്റ്റർ ചെയ്തത്. ഇതിൽ ലഹരിമരുന്ന് കടത്തുമായി ബന്ധപ്പെട്ട 1,422 എൻ.ഡി.പി.എസ് കേസുകളും, 2,292 അബ്കാരി കേസുകളും ഉൾപ്പെടുന്നു. പുകയില ഉല്പ്പന്നങ്ങളുടെ നിയമവിരുദ്ധ വില്പ്പനയുമായി ബന്ധപ്പെട്ട് 118 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന എക്സൈസ് സേനയെ കാലാനുസൃതമായി പരിഷ്കരിക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും ബജറ്റിൽ പ്രത്യേക തുക അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പിടിച്ചെടുക്കുന്ന ലഹരിമരുന്നുകൾ വളരെപെട്ടെന്ന് ലബോറട്ടറി നിലവാരത്തിൽ തിരിച്ചറിയാൻ എല്ലാ എക്സൈസ് റേഞ്ച് ഓഫീസുകളിലും അത്യാധുനിക പരിശോധനാ കിറ്റുകൾ ലഭ്യമാക്കും. പരിശോധനാ ഫലങ്ങൾ വൈകുന്നത് ഒഴിവാക്കാൻ, കേരളത്തിലാദ്യമായി എക്സൈസ് വകുപ്പിന് മാത്രമായി സ്റ്റേറ്റ് കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി കായംകുളത്ത് സ്ഥാപിക്കും. മയക്കുമരുന്ന് മാഫിയയുടെ ഇതരസംസ്ഥാന ശൃംഖലകൾ തകർക്കാൻ എക്സൈസിനുള്ളിൽ പ്രത്യേക നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കും. പൊതുജനസൗഹൃദ അന്തരീക്ഷവും ലഹരി വിരുദ്ധ കൗൺസിലിങ് സൗകര്യങ്ങളുമുള്ള മാതൃകാ ഓഫീസുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കും.

ലഹരിമുക്ത കേരളം ലക്ഷ്യമിട്ട് എക്സൈസ് വകുപ്പ് രൂപം നൽകിയ സമഗ്ര ക്യാമ്പയിനാണ് 'മയങ്ങില്ല കേരളം'. ഓപ്പറേഷൻ തണ്ടറിലൂടെ ലഹരി കടത്തിന്റെ ഉറവിടങ്ങൾ ഇല്ലാതാക്കുക, സ്കൂളുകളിൽ ആന്റിനാനർക്കോട്ടിക് ക്ലബുകൾ വിപുലീകരിക്കുകയും പ്രത്യേക പരിശീലനം സിദ്ധിച്ച 31 ഉദ്യോഗസ്ഥരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുക, നിലവിലുള്ള 14 കേന്ദ്രങ്ങൾക്ക് പുറമെ, സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ഡിഅഡിക്ഷൻ സെന്ററുകൾ ആരംഭിക്കുക എന്നിവ ക്യാമ്പയിന്റെ ഭാഗമാണ്. ലഹരിമുക്തരാകുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരാൻ കായികസാമൂഹ്യ സംഘടനകളെ ഏകോപിപ്പിച്ച് വ്യക്തിഗത പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.




ജെയിൻ യൂണിവേഴ്സിറ്റി കോർപ്പറേറ്റ് റിലേഷൻസ് സീനിയർ മാനേജർ ബിന്ദു മേനോൻ, പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ കൊച്ചി സീനിയർ സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ് അഷിത പോൾ, ജെയിൻ യൂണിവേഴ്സിറ്റി ഫിനാൻസ് ആൻഡ് സ്ട്രാറ്റജി ഡയറക്ടർ ഡോ. രാധാകൃഷ്ണൻ ഉണ്ണി, പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ സ്ഥാപകനും ഡയറക്ടറുമായ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ കൊച്ചി സീനിയർ സ്പെഷ്യൽ എഡ്യൂക്കേറ്റർ സോണിയ സുദർശൻ എന്നിവർ വാർത്താ സമ്മേളനത്തിൽ

## മികച്ച ഇൻക്ലൂസീവ് സ്കൂളിനും അധ്യാപകർക്കുമുള്ള പുരസ്കാരങ്ങൾക്ക് അപേക്ഷകൾ ക്ഷണിച്ചു

**കൊച്ചി:** കൊച്ചി പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററും ജെയിൻ യൂണിവേഴ്സിറ്റിയും (ഡീംഡ് ടു ബി) സംയുക്തമായി, ഐഎബിടി (ഇൻസ്റ്റിറ്റിയൂട്ട് ഫോർ ഓട്ടിസം ആൻഡ് ബിഹേവിയറൽ തെറാപ്പി), ബ്രിഡ്ജ് ബിയോണ്ട് ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെ ചോക്ക് 2026 സംസ്ഥാനതല അധ്യാപക വികസന കോൺഫറൻസ് സംഘടിപ്പിക്കുന്നു. മികച്ച വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടത്തുന്ന, കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തിപരിചയമുള്ള പ്രീപ്രൈമറി മുതൽ ഗ്രേഡ് 5 വരെയുള്ള അധ്യാപകർക്കാണ് മികച്ച ഇൻക്ലൂസീവ് ടീച്ചർ അവാർഡിന് അപേക്ഷിക്കാനാവുക. എല്ലാവരെയും ഉൾക്കൊള്ളുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് മികച്ച ഇൻക്ലൂസീവ് സ്കൂൾ അവാർഡ് നൽകുകയെന്ന് എറണാകുളം പ്രസ്സ് ക്ലബ്ബിൽ സംഘടിപ്പിച്ച വാർത്താ സമ്മേളനത്തിൽ ജെയിൻ യൂണിവേഴ്സിറ്റി കോർപ്പറേറ്റ് റിലേഷൻസ് സീനിയർ മാനേജർ ബിന്ദു മേനോൻ, പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ കൊച്ചി സീനിയർ സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ് അഷിത പോൾ, ജെയിൻ യൂണിവേഴ്സിറ്റി ഫിനാൻസ് ആൻഡ് സ്ട്രാറ്റജി ഡയറക്ടർ ഡോ. രാധാകൃഷ്ണൻ ഉണ്ണി, പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ സ്ഥാപകനും ഡയറക്ടറുമായ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ കൊച്ചി സീനിയർ സ്പെഷ്യൽ എഡ്യൂക്കേറ്റർ സോണിയ സുദർശൻ എന്നിവർ അറിയിച്ചു.

പഠന പഠനേതര രംഗത്ത് കൂടുതൽ ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ നന്നായി പരിപാലിക്കുന്നതിന് ഉതകുന്ന വിദ്യാഭ്യാസ രീതികൾ സ്വായത്തമാക്കുന്നതിന് അധ്യാപകർക്കായ് ജൂലൈ 11 ന് ജയിൻ യൂണിവേഴ്സിറ്റിയിൽ കോൺഫറൻസും, ബി.എഡ്., എം.എഡ്., സൈക്കോളജി വിദ്യാർത്ഥികൾക്കായി സയിന്റിഫിക് സെഷനും ഒരുക്കിയിട്ടുണ്ടെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കോൺഫറൻസിൽ ഉമ തോമസ് എം.എൽ.എ മുഖ്യാതിഥിയാകുമെന്നും അന്നേദിവസം അവാർഡിനർഹരായവർക്കും, സ്കൂളിനും പുരസ്കരങ്ങൾ വിതരണം ചെയ്യുമെന്നും ഭാരവാഹികൾ പറഞ്ഞു.

## ഉന്നതവിദ്യാഭ്യാസരംഗത്ത് വലിയ മാറ്റം വരും: മന്ത്രി റോജി ജോൺ

തൃശൂർ: കേരളത്തിന്റെ വിദ്യാഭ്യാസ ഹബ്ബായ തൃശൂരിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാനുള്ള കൂടിയാലോചനകൾ നടന്നുവരികയാണെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി ജോൺ. കാലത്തിനനുസരിച്ച് വിദ്യാഭ്യാസരംഗത്തെ നവീകരിക്കാനുള്ള പ്രവർത്തനങ്ങളിലാണ് യുഡിഎഫ് സർക്കാരെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രിയായി ചുമതലയേറ്റശേഷം ആദ്യമായി ഡിസിസി ഓഫീസിൽ എത്തിയ റോജി എം ജോണിനെ ഡിസിസി പ്രസിഡൻറ് അഡ്വ. ജോസഫ് ടാജറ്റ് ഷാൾ അണിയിച്ച് സ്വീകരിച്ചു. നേതാക്കളായ എം.പി. വിൻസെൻറ്, ജോസ് വള്ളൂർ, ജോസഫ് ചാലിശേരി, കെ.വി. ദാസൻ, കെ.ബി. ശശികുമാർ, സുനിൽ അന്തിക്കാട്, രാജേന്ദ്രൻ അരങ്ങത്ത്, രാജൻ പല്ലൻ എംഎൽഎ, മേയർ നിജി ജസ്റ്റിൻ, ഡെപ്യൂട്ടി മേയർ എ. പ്രസാദ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.



# എറണാകുളം–ബെംഗളൂരു വന്ദേഭാരത് എക്സ്പ്രസിൽ ഇനി ഇരട്ടി കോച്ചുകൾ

**ബെംഗളൂരു:** എറണാകുളം വന്ദേഭാരത് എക്സ്പ്രസിലെ കോച്ചുകളുടെ എണ്ണം എട്ടിൽ നിന്ന് 16 ആയി ഉയർത്തുന്നത് ഓണസീസണിൽ നാട്ടിലേക്കു പോകുന്ന ബെംഗളൂരു മലയാളികൾക്ക് ആശ്വാസമാകും. ജൂലൈ ആദ്യവാരത്തോടെ 16 കോച്ചുകളുമായി സർവീസ് ആരംഭിച്ചേക്കും. ഓണത്തിന് കൂടുതൽ തിരക്കുള്ള ഓഗസ്റ്റ് 21,22 ദിവസങ്ങളിലെ ടിക്കറ്റുകൾ ബുക്കിങ് തുടങ്ങിയതിന് പിന്നാലെ വെയ്റ്റ് ലിസ്റ്റിലേക്ക് മാറിയിരുന്നു. വന്ദേഭാരത് സർവീസ് തുടങ്ങി 7 മാസം പിന്നിടുമ്പോഴാണ് കോച്ചുകളുടെ എണ്ണം ഇരട്ടിയാക്കുന്നത്. കഴിഞ്ഞ വർഷം നവംബറിലാണ് സർവീസ് ആരംഭിച്ചത്.

ഉത്സവസീസണുകളിൽ വന്ദേഭാരത് എക്സ്പ്രസിലെ ഓൺലൈൻ ടിക്കറ്റ് ബുക്കിങ് തിരക്ക് (ഒക്യുപൻസി) 120–140% വരെ എത്തിയിരുന്നു. ബെംഗളൂരു–എറണാകുളം 630 കിലോമീറ്റർ 8 മണിക്കൂർ 40 മിനിറ്റിൽ പിന്നിടുന്ന ട്രെയിനിന് 9 സ്റ്റോപ്പുകൾ മാത്രമാണുള്ളത്. രാവിലെ 5.10ന് ബെംഗളൂരുവിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ ഉച്ചയ്ക്ക് 1.50ന് എറണാകുളം ജംക്ഷനിലെത്തും. ഉച്ച കഴിഞ്ഞ് 2.20നു എറണാകുളത്ത് നിന്ന് പുറപ്പെട്ട് രാത്രി 11ന് ബെംഗളൂരുവിലെത്തും.

കോച്ചുകളുടെ എണ്ണം 16 ആക്കുന്നതോടെ സീറ്റുകളുടെ എണ്ണം 530ൽ നിന്ന് 1128 ആയി ഉയരും. 598 സീറ്റുകളാണ് അധികമായി ലഭിക്കുക. 6 ദിവസങ്ങളിലായി ഒരു വശത്തേയ്ക്ക് മാത്രം 6768 പേർക്ക് അധികം യാത്ര ചെയ്യാം. ചെയർകാറിൽ ഭക്ഷണം ഉൾപ്പെടെ 1670 രൂപയും എക്സിക്യൂട്ടിവ് ചെയർകാറിൽ 3030 രൂപയുമാണ് ടിക്കറ്റ് നിരക്ക്.



# ഇന്ത്യയിൽ നിക്ഷേപത്തിനൊരുങ്ങി ഹോഴ്സ് പവർട്രെയിൻ

**ന്യൂഡൽഹി:** ചൈനയിലെ ഷെജിയാംഗ് ഗീലി ഹോൾഡിംഗ് ഗ്രൂപ്പിന് പങ്കാളിത്തമുള്ള ഹൈബ്രിഡ് എൻജിൻ നിർമാതാക്കളായ ഹോഴ്സ് പവർട്രെയിൻ ലിമിറ്റഡ് ഇന്ത്യയിൽ നിക്ഷേപത്തിനൊരുങ്ങുന്നു. ഏകദേശം 370 മില്യൺ ഡോളറിന്റെ നിക്ഷേപമാകും രാജ്യത്ത് നടത്തുക. ഈ നിക്ഷേപ പദ്ധതിക്ക് കേന്ദ്ര സർക്കാർ ഉടൻ അംഗീകാരം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സമീപകാലങ്ങളിൽ ചൈനീസ് ബന്ധമുള്ള ഒരു കമ്പനിയിൽ നിന്ന് ഇന്ത്യയിലെ നിർമാണ മേഖലയിലേക്ക് എത്തുന്ന ഏറ്റവും വലിയ നിക്ഷേപങ്ങളിൽ ഒന്നായിരിക്കും ഇത്.

ഫ്രഞ്ച് കാർ നിർമാതാക്കളായ റെനോ എസ്എയും ഹോഴ്സ് പവർട്രെയിനിൽ പ്രധാന ഓഹരിപങ്കാളിണ്. റെനോയുടെ ഇന്ത്യയിലെ നിർമാണ പ്രവർത്തനങ്ങളിൽ നിക്ഷേപം നടത്താൻ ഈ കരാർ വഴി സാധിക്കും. ഇന്ത്യയിൽ അത്യാധുനിക ഹൈബ്രിഡ് പവർട്രെയിനുകളും എൻജിനുകളും നിർമിക്കാനാണ് ഹോഴ്സ് ലക്ഷ്യമിടുന്നതെന്നാണ് റിപ്പോർട്ടുകൾ.

പ്രാദേശിക ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി, അതിർത്തി പങ്കിടുന്ന രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾക്കായുള്ള നിയമങ്ങളിൽ ഇന്ത്യ കഴിഞ്ഞ മാർച്ചിൽ ഇളവ് വരുത്തിയതിന് ശേഷമുള്ള ആദ്യത്തെ പ്രധാന അനുമതികളിൽ ഒന്നായിരിക്കും ഇത്. പ്രധാനമായും ചൈനയെ ലക്ഷ്യം വച്ചായിരുന്നു ഈ നിയമങ്ങൾ.

ഇതിനുമുമ്പ് ഒരു പ്രമുഖ ചൈനീസ് വാഹന നിർമാതാക്കൾ ഇന്ത്യയിൽ നിക്ഷേപം നടത്തിയത് 2017ലായിരുന്നു. അന്ന് ചൈനീസ് പൊതുമേഖലാ സ്ഥാപനമായ എസ്എഐസി മോട്ടോർ കോർപറേഷൻ, ഇന്ത്യയിൽ എംജി മോട്ടോർ ബ്രാൻഡ് അവതരിപ്പിക്കുന്നതിനായി ജനറൽ മോട്ടോഴ്സിന്റെ പ്ലാന്റ് വാങ്ങി. പിന്നീട് ഈ വ്യവസായം പുനഃസംഘടിപ്പിക്കപ്പെടുകയും, നിലവിൽ ജെഎസ്ഡബ്ല്യു ഗ്രൂപ്പിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ഓഹരിപങ്കാളികൾക്ക് ഇതിൽ ഭൂരിപക്ഷം ഓഹരി പങ്കാളിത്തം ലഭിക്കുകയും ചെയ്തു.

ഗീലിക്കും റെനോയ്ക്കും തുല്യ പങ്കാളിത്തമുള്ള ഒരു സംയുക്ത സംരംഭമായി 2024ലാണ് ഹോഴ്സ് പവർട്രെയിൻ രൂപീകൃതമായത്. പിന്നീട് സൗദി അരാംകോ ഈ കമ്പനിയുടെ 10% ഓഹരികൾ സ്വന്തമാക്കി. കമ്പനിയുടെ വെബ്സൈറ്റ് പ്രകാരം, ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ 45% ഓഹരികൾ വീതം ഇപ്പോൾ ഗീലിയുടെയും റെനോയുടെയും കൈവശമാണുള്ളത്. ആഗോളതലത്തിൽ 18 പ്ലാന്റുകളും ഏകദേശം 19,000 ജീവനക്കാരും ഈ കമ്പനിക്കുണ്ട്.

കമ്പനി തങ്ങളുടെ ഇന്ത്യയിലെ നിക്ഷേപം ഘട്ടങ്ങളായിട്ടായിരിക്കും നടത്തുക. ഇതിന്റെ തുടക്കം റെനോയുടെ ചെന്നൈ പ്ലാന്റിൽ നിന്നായിരിക്കുമെന്നാണ് വിവരം. പരമ്പരാഗത ഇന്റേണൽ കംബസ്റ്റൻ എൻജിനും ഉയർന്ന ശേഷിയുള്ള ഇലക്ട്രിക് മോട്ടോറുകളും ബാറ്ററി ബാക്കപ്പും സമന്വയിപ്പിക്കുന്ന സ്ട്രോംഗ്ഹൈബ്രിഡ് പവർട്രെയിനുകൾ ആയിരിക്കും ഹോഴ്സ് ഇവിടെ നിർമിക്കുക.

ഇന്ത്യയിൽ വിൽക്കുന്ന നിസാൻ, റെനോ വാഹനങ്ങൾക്ക് വേണ്ടിയായിരിക്കും ഇവ നിർമിക്കുന്നത്. ജപ്പാന്റെ നിസാൻ മോട്ടോർ കമ്പനിയുടെ ഏറ്റവും വലിയ ഓഹരിപങ്കാളിയായ റെനോ, തങ്ങളുടെ ചെന്നൈ ഫാക്ടറിയിലാണ് നിസാന് വേണ്ടിയുള്ള കാറുകൾ നിർമിക്കുന്നത്.

# ഏലം വില 3000 കടന്നു മുന്നോട്ട്

**കോട്ടയം:** പശ്ചിമേഷ്യൻ സംഘർഷത്തിൽ വന്ന അയവും കാലാവസ്ഥാ വ്യതിയാനത്തിലുണ്ടായ ഉത്പാദനക്കുറവും സുഗന്ധ വിളകളിലെ റാണിയായ ഏലത്തിന്റെ വില മെച്ചപ്പെടുത്തി. ഉയർന്ന ഗ്രേഡുകൾക്ക് കിലോ വില 3000 കടന്നു. താഴ്ന്ന ഗ്രേഡുകൾക്കും വില 2500 രൂപയ്ക്കു മുകളിലെത്തി. മഴയിൽ എലക്കായ്ക്ക് ചീയൽ ബാധിച്ചതോടെ ഇടുക്കിയിൽ ഉൾപ്പെടെ വിളവിൽ 35 ശതമാനത്തോളം കുറവുണ്ട്. ഏലത്തിന് ക്ഷാമം നേരിടുമെന്ന ആശങ്കയിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ആവശ്യക്കാർ ഇടുക്കി മഹിളാ കാർഡമം പ്രൊഡ്യൂസർ കമ്പനിയുടെ ലേലത്തിൽ പങ്കെടുക്കുന്നു. 2025 ഫെബ്രുവരി 12നാണ് മുൻപ് ശരാശരി വില മൂവായിരത്തിനു മുകളിലെത്തിയത്. അന്ന് 3036 രൂപയായിരുന്നു ശരാശരി വില.

കഴിഞ്ഞ വർഷം ജൂൺ അവസാന വാരം 2500 രൂപയായിരുന്നു ശരാശരി വില. 2019ൽ ഉണക്ക ഏലക്കാ മുന്തിയ ഗ്രേഡിന് വില നാലായിരവും കടന്ന് റിക്കാർഡ് കുറിച്ചിരുന്നു. നിലവിൽ ഒരു കിലോ പച്ച ഏലക്കയ്ക്ക് 500 രൂപയ്ക്ക് മുകളിൽ വിലയുണ്ട്. വിലനേട്ടം ലഭിക്കാൻ കർഷകർ ഡ്രയറിൽ ഉണങ്ങി വിൽക്കാൻ താൽപര്യപ്പെടുന്നു. വില ഉയർന്നതോടെ കർഷകരും വ്യാപാരികളും ഏലയ്ക്ക വലിയ തോതിൽ സംഭരിക്കുന്നുമുണ്ട്.

പശ്ചിമേഷ്യൻ സംഘർഷത്തിനു പിന്നാലെ ഗൾഫിലേക്ക് മൂന്നു മാസമായി ഏലക്കായുടെ കയറ്റുമതി കുറഞ്ഞിരുന്നു. ഇതിനൊപ്പം ഏപ്രിൽ വേനലിലെ കൊടുംവരൾച്ചയും ഇപ്പോൾ ഇടവിട്ടുള്ള കനത്ത മഴയും കായ്ഫലം കുറച്ചു. കാട്ടുപന്നി ഉൾപ്പെടെ ക്ഷുദ്രജീവികളുടെ ശല്യവും വിളവിനെ ദോഷകരമായി ബാധിക്കുന്നുണ്ട്. എന്നിരിക്കെയും ഭാവിയിലും മെച്ച വില ലഭിക്കുമെന്ന പ്രതീക്ഷയിൽ ലക്ഷങ്ങൾ നൽകി സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യാൻ പലരും മുന്നോട്ടുവരുന്നു.

വില ഉയർന്നതോടെ കർഷകരും വ്യാപാരികളും ഏലയ്ക്കാ വലിയ തോതിൽ സംഭരിക്കുന്നുണ്ട്. ഉത്പാദനത്തിലുണ്ടായ ഇടിവ് വരും ദിവസങ്ങളിൽ വിപണിയിൽ വില കുത്തനെ ഉയരാൻ കാരണമാകുമെന്ന് വിലയിരുത്തുന്നു. ഉത്പാദനത്തിൽ മാത്രമല്ല ഏലക്കയുടെ ഗുണനിലവാരത്തിലും കുറവുണ്ടായിട്ടുണ്ട്.

എലത്തിന്റെ ചുവട്ടിലെ ചരങ്ങളിൽ ഉണ്ടാകുന്ന കായകളുടെ എണ്ണവും വലിപ്പവും കുറഞ്ഞതിനൊപ്പം പച്ചനിറം നഷ്ടപ്പെടുന്നതായും കർഷകർ പറയുന്നു. കഴിഞ്ഞ വേനലിൽ ഇടുക്കിയിലെ നാൽപ്പത് ശതമാനത്തിലേറെ ഏലച്ചെടികളും ഉണങ്ങി നശിച്ചിരുന്നു. വലിയ മുടക്കിൽ വീണ്ടും ഏലം പരിപാലിച്ചുവരുമ്പോഴാണ് മേയ് പകുതിയോടെ മഴ തുടങ്ങിയത്. ജൂൺ ആദ്യവാരത്തിലെ കടുത്ത മഴയിലും കാറ്റിലും ഏലം നിലംപൊത്തി നശിച്ചു. ഏലം കൃഷിയും വിപണനവും സുതാര്യമാക്കുന്നതിന് സ്പൈസസ് ബോർഡ് ഓൺലൈൻ പുളിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

# പുതിയ വാഗൺ ഡിസൈൻ നയം ഉടൻ പുറത്തിറക്കും

**കൊച്ചി:** വ്യവസായ സൗഹൃദപരമായ ലോജിസ്റ്റിക്സ് സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉദാരവത്കരിച്ച പുതിയ വാഗൺ ഡിസൈൻ നയം റെയിൽവേ ഉടൻ പുറത്തിറക്കും.

അടുത്ത രണ്ടാഴ്ചയ്ക്കുള്ളിൽ പുതിയ നയം പ്രാബല്യത്തിൽ വരുമെന്നാണ് ഔദ്യോഗിക വൃത്തങ്ങൾ നൽകുന്ന സൂചന. ചരക്കുകളുടെ വൈവിധ്യത്തിനനുസരിച്ച് പ്രത്യേക വാഗണുകൾ രൂപകല്പന ചെയ്യാനും വികസിപ്പിക്കാനും വ്യവസായ മേഖലയ്ക്ക് കൂടുതൽ സ്വാതന്ത്ര്യവും വഴക്കവും നൽകുന്നതാണ് പുതിയ ചട്ടക്കൂട്.

റെയിൽവേ വഴിയുള്ള ചരക്കുനീക്കം ഗണ്യമായി വർധിപ്പിക്കുന്നതിനൊപ്പം കൂടുതൽ ബിസിനസ് സംരംഭങ്ങളെ റെയിൽ ലോജിസ്റ്റിക്സിലേക്ക് ആകർഷിക്കുകയുമാണ് ഈ നീക്കത്തിലൂടെ ലക്ഷ്യമിടുന്നത്.

പുതിയ നയപ്രകാരം വിവിധ വ്യവസായങ്ങൾക്ക് അവരുടെ തനത് ആവശ്യങ്ങൾക്കനുസരിച്ച് വാഗണുകളുടെ ഡിസൈനുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ അനുമതിയുണ്ടാകും.

എന്നാൽ, ഈ വാഗണുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പൂർണ ഉത്തരവാദിത്വം റെയിൽവേയുടെ ഗവേഷണ വിഭാഗമായ റിസർച്ച് ഡിസൈൻസ് ആൻഡ് സ്റ്റാൻഡേർഡ്സ് ഓർഗനൈസേഷനും ചീഫ് കമ്മീഷണർ ഓഫ് റെയിൽവേ സേഫ്റ്റിക്കുമായിരിക്കും.

# ജിയോമാർട്ട് ഡിജി ഉത്സവ് 30 വരെ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൊന്നായ ജിയോമാർട്ട് 'ഡിജി ഉത്സവ്' എന്ന പേരിൽ മൂന്ന് ദിവസത്തെ പ്രത്യേക വില്പന പ്രഖ്യാപിച്ചു.

5ജി സ്മാർട്ട്ഫോണുകൾ, ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, ഗ്രൂമിംഗ് ഉത്പന്നങ്ങൾ, ഹോം കെയർ ഉപകരണങ്ങൾ, ടെക് എസൻഷ്യൽസ് എന്നിവയിൽ ആകർഷകമായ ഓഫറുകളാണ് ഒരുക്കിയിരിക്കുന്നത്.



# ഫ്ളൈടെക്സ് ഡൽഹിയിൽ എഐ റിസർച്ച് സെന്റർ തുറന്നു

**തിരുവനന്തപുരം:** ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐടി കമ്പനിയായ ഫ്ളൈടെക്സ്, ഡൽഹിയിൽ പുതിയ എഐ റിസർച്ച് സെന്ററിന് തുടക്കം കുറിച്ചു.

നീതി ആയോഗ് അംഗം പ്രഫ. അഭയ് കരണ്ടിക്കർ ഉദ്ഘാടനം നിർവഹിച്ചു. ഇന്ത്യയുടെ എഐ രംഗത്തെ മുന്നേറ്റത്തിന് വ്യാവസായിക-അക്കാദമിക് സ്ഥാപനങ്ങൾ തമ്മിലുള്ള ശക്തമായ പങ്കാളിത്തം അത്യന്താപേക്ഷിതമാണെന്ന് ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് അഭയ് കരണ്ടിക്കർ പറഞ്ഞു.

അശോക സർവകലാശാല ഡീനും ഫ്ളൈടെക്സ് ഉപദേശകനുമായ പ്രഫ. ശന്തനു ചൗധരി, ഫ്ളൈടെക്സ് സിഇഒ ഡോ. വിനോദ് വാസുദേവൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ബിസിനസ് ഫലങ്ങൾ എത്രത്തോളം കാര്യക്ഷമമായി മെച്ചപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചാകും ഭാവിയിൽ എഐ സംവിധാനങ്ങൾ വിലയിരുത്തപ്പെടുകയെന്ന് ഫ്ളൈടെക്സ് സിഇഒ ഡോ. വിനോദ് വാസുദേവൻ പറഞ്ഞു.



# ആപ്പിൾ ഉത്പന്നങ്ങൾക്ക് വില വർധിപ്പിച്ചു

**ന്യൂഡൽഹി:** ആഗോള വിപണിയിൽ മെമ്മറി ചിപ്പുകളുടെയും സ്റ്റോറേജ് ഘടകങ്ങളുടെയും വില കുതിച്ചുയരുന്ന സാഹചര്യത്തിൽ ഇന്ത്യയിൽ തങ്ങളുടെ ഉത്പന്നങ്ങൾക്ക് വൻ വില വർധന പ്രഖ്യാപിച്ച് ആപ്പിൾ.

മാക് ഡെസ്ക്ടോപ്പുകൾ, മാക്ബുക്കുകൾ, ഐപാഡുകൾ, ആപ്പിൾ ടിവി, ഹോംപോഡ് എന്നിവയ്ക്കാണ് വില കൂട്ടിയത്. എന്നാൽ, കമ്പനിയുടെ പ്രധാന വരുമാന മാർഗമായ ഐഫോണുകളുടെ വിലയിൽ തത്കാലം മാറ്റം വരുത്തിയിട്ടില്ല. സമീപ കാലത്ത് ഇന്ത്യയിൽ ആപ്പിൾ ഉത്പന്നങ്ങളിൽ ഉണ്ടായിരിക്കുന്ന ഏറ്റവും വലിയ വിലക്കയറ്റമാണ്.

ഇന്ത്യയിൽ മാത്രമല്ല, മറ്റ് ആഗോള വിപണികളിലും ആപ്പിൾ സമാനമായ വിലവർധന നടപ്പിലാക്കിയിട്ടുണ്ട്. 2025ന്റെ അവസാന പാദം മുതൽ മെമ്മറി ചിപ്പുകളുടെ വില നാല് മടങ്ങിലധികമാണ് വർധിച്ചത്. ഇത് ആപ്പിളിനെ മാത്രമല്ല, വരും ദിവസങ്ങളിൽ വിൻഡോസ് ലാപ്ടോപ്പുകൾ, ക്രോംബുക്കുകൾ തുടങ്ങിയ മറ്റ് ബ്രാൻഡുകളെയും വില വർധിപ്പിക്കാൻ പ്രേരിപ്പിച്ചേക്കുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

നിലവിൽ ഐഫോണുകളുടെ വില വർധിപ്പിച്ചിട്ടില്ല എന്നത് ഉപഭോക്താക്കൾക്ക് താത്കാലിക ആശ്വാസമാണെങ്കിലും, വരും മാസങ്ങളിൽ ഐഫോൺ നിരക്കുകളിലും മാറ്റം വരാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

# പോളിസിബസാർ ഓഫ്‌ലൈൻ ഉപയോക്താക്കൾ വർധിച്ചു

**കൊച്ചി:** പ്രമുഖ ഇൻഷുറൻസ് കമ്പനിയായ പോളിസിബസാറിൽ പ്രധാനപ്പെട്ട സാമ്പത്തിക തീരുമാനങ്ങൾ എടുക്കുമ്പോൾ നേരിട്ട് ഉപദേശം തെരഞ്ഞെടുക്കുന്ന ഓഫ്‌ലൈൻ ഉപയോക്താക്കളുടെ എണ്ണത്തിൽ 2.5 മടങ്ങ് വർധനയുണ്ടായതായി കമ്പനി വ്യക്തമാക്കി.

സാമ്പത്തിക തീരുമാനമെടുക്കലിൽ വ്യക്തിഗത ഇടപെടൽ നിർണായക പങ്ക് വഹിക്കുന്ന ടിയർ 2 സംസ്ഥാന വിപണികളിലും ഓഫ്‌ലൈൻ ഉപഭോക്താക്കളുടെ എണ്ണം വർധിച്ചു.

ക്ലെയിമുകൾക്കിടയിൽ ഉപഭോക്താക്കളെ നയിക്കുന്ന ഓൺഗ്രൗണ്ട് ക്ലെയിം സപ്പോർട്ട് ടീമുകളും 2025 നേക്കാൾ മൂന്നിരിട്ടി സേവനം ഇതിന്റെ ഭാഗമായി നൽകുന്നതായി പോളിസി ബസാർ അറിയിച്ചു.

# എക്സ്ബോസ് കൺസോളുകളുടെ വില കൂട്ടി

**വാഷിംഗ്ടൺ:** പ്രമുഖ ഗെയിമിംഗ് കൺസോളുകളായ എക്സ്ബോസ് മോഡലുകളുടെ വില മൈക്രോസോഫ്റ്റ് വീണ്ടും വർധിപ്പിച്ചു. എക്സ്ബോക്സ് കൺസോളുകളുടെ വില ആഗോള തലത്തിൽ 150 ഡോളർ വരെ വർധിപ്പിക്കും. ഓഗസ്റ്റ് ഒന്നു മുതൽ പുതിയ വില നിലവിൽ വരും. 2025 മേയ്ക്കു ശേഷം കമ്പനി നടത്തുന്ന മൂന്നാമത്തെ വിലവർധനയാണിത്.

512 ജിബി മോഡലുകൾക്ക് 100 ഡോളറും 1 ടിബി മോഡലുകൾക്ക് 150 ഡോളറുമാണ് വർധിക്കുക. ഇതോടൊപ്പം രണ്ടു ടിബി മോഡലിന്റെ ഉത്പാദനം നിർത്തുകയും ചെയ്യും.

യുഎസിൽ ഏറ്റവും വില കുറഞ്ഞ എക്സ്ബോസ് മോഡലായ 'സീരീസ് എക്സ് 'ന്റെ വില 500 ഡോളറായി ഉയരും സീരിസ് എക്സിന്റെ വില 800 ഡോളറിലെത്തും. കൺസോൾ നിർമാണത്തിന് ആവശ്യമായ മെമ്മറി, സ്റ്റോറേജ് ഘടകങ്ങളുടെ വിലയിൽ 2.5 മടങ്ങിലധികം വർധനയുണ്ടായതാണ് വില കൂട്ടാൻ നിർബന്ധിതമാക്കിയതെന്ന് മൈക്രോസോഫ്റ്റ് ഔദ്യോഗിക ബ്ലോഗിലൂടെ അറിയിച്ചു.

മൈക്രോസോഫ്റ്റിന് പുറമെ സോണി, നിൻറെൻഡോ, വാൽവ് തുടങ്ങിയ പ്രമുഖ കമ്പനികളും തങ്ങളുടെ ഗെയിമിംഗ് ഉപകരണങ്ങളുടെ വില അടുത്തിടെ വൻതോതിൽ വർധിപ്പിച്ചിരുന്നു. വരും വർഷങ്ങളിലും ഈ വിലക്കയറ്റം തുടർന്നേക്കുമെന്നാണ് സൂചന.

നിലവിൽ ഇന്ത്യൻ വിപണിയിൽ സീരീസ് എസ് (512 ജിബ) മോഡലിന് 34,990 രൂപയും സീരീസ് എക്സ് (1 ടിബി) മോഡലിന് 55,990 രൂപയുമാണ് വില. പുതിയ വിലവർധന നിലവിൽ വരുന്നതോടെ ഇവയുടെ ചില്ലറവിൽപ്പന വിലയിൽ (യഥാക്രമം 9,400 രൂപ മുതൽ 14,000 രൂപ വരെയോ അതിലധികമോ വൻ വർധന ഉണ്ടായേക്കാം.

# പ്രതിഭകളെയും സംരംഭകരെയും കണ്ടെത്താൻ വന്ദേ ഭാരതം പദ്ധതിയുമായി ഗൗതം അദാനി

**കൊച്ചി:** രാജ്യത്തുടനീളമുള്ള സംരംഭകരെയും നൂതന ആശയങ്ങളുള്ളവരേയും വിവിധ മേഖലകളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിവുള്ളവരെയും കണ്ടെത്തി പിന്തുണയ്ക്കുന്നതിനുമായി വന്ദേ ഭാരതം പദ്ധതിക്ക് അദാനി ഗ്രൂപ്പ് തുടക്കമിട്ടു. അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെ 64ാമത് ജന്മദിനത്തിലാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. പ്രശസ്ത സ്റ്റാർട്ടപ്പ് ഹബ്ബുകൾക്കും നഗരങ്ങൾക്കും അപ്പുറമായി രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നുമുള്ള സംരംഭക പ്രതിഭകളെ കണ്ടെത്താനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. vandebharatam.org എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ നൽകാം.

രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 800ലധികം ജില്ലകളിലേക്കും വിവിധ ഇന്ത്യൻ ഭാഷകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കും. വിവിധ ഘട്ടങ്ങളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന 75 പേരെ അഹമ്മദാബാദിലേക്ക് ക്ഷണിക്കുകയും പ്രത്യേക പരിശീലനം നൽകുകയും ചെയ്യും. സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് നടക്കുന്ന ഗ്രാൻഡ് ഫിനാലെയിലും ഇവർ പങ്കെടുക്കും.

ഇന്ന് ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റങ്ങളിൽ ഒന്നാണെങ്കിലും 80 ശതമാനത്തിലധികം സ്റ്റാർട്ടപ്പ് സ്ഥാപകരും വെറും അഞ്ച് നഗരങ്ങളിൽ നിന്നാണ് ഉയർന്നുവരുന്നത്. മികച്ച ആശയങ്ങ



ളുള്ള പലർക്കും അവസരങ്ങളും പിന്തുണയും ലഭിക്കാതെ പോകുന്നുണ്ട്. മെട്രോ നഗരങ്ങൾ മുതൽ ചെറിയ പട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും വരെ പ്രതിഭകൾക്ക് മികച്ച അവസരം ഒരുക്കാനാണ് വന്ദേ ഭാരതം ലക്ഷ്യമിടുന്നത്. 2047ഓടെ വികസിത് ഭാരത് എന്ന ലക്ഷ്യത്തിലേക്ക് രാജ്യത്തെ നയിക്കാൻ സംരംഭകത്വത്തിലെ ഈ പങ്കാളിത്തം നിർണായകമാകും.

പ്രായം, തൊഴിൽ, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയ പരിമിതികളില്ലാതെ പുതിയ ആശയങ്ങളോ സംരംഭകത്വ മോഹങ്ങളോ ഉള്ള ഏതൊരാൾക്കും ഇതിലേക്ക് അപേക്ഷിക്കാം. ഒരു ആശയം, പ്രോട്ടോടൈപ്പ്, പ്രാരംഭ ഘട്ടത്തിലുള്ള സംരംഭം അല്ലെങ്കിൽ നിലവിലുള്ള ബിസിനസ്സ് എന്നിവയുമായി പദ്ധതിയുടെ ഭാഗമാകാം. രജിസ്റ്റർ ചെയ്ത ഒരു സ്റ്റാർട്ടപ്പ് ആയിരിക്കണം എന്ന നിർബന്ധവുമില്ല.

സാങ്കേതികവിദ്യ, നിർമ്മാണം, സുസ്ഥിരത, കൃഷി, പരമ്പരാഗത കരകൗശലവിദ്യകൾ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ളവർക്ക് അപേക്ഷിക്കാം. വനിത സംരംഭകർ, ഗോത്ര വർഗക്കാർ, ഗ്രാമീണർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകും.

നൂതനാശയം, സംരംഭകത്വ സാധ്യത, സമൂഹത്തിലുള്ള സ്വാധീനം എന്നിവ അടിസ്ഥാനമാക്കിയാകും മൂല്യനിർണ്ണയം നടക്കുക. അഹമ്മദാബാദിലെത്തുന്ന 75 ഫൈനലിസ്റ്റുകൾക്ക് പ്രമുഖ വ്യവസായികളുമായും നിക്ഷേപകരുമായും സംവദിക്കാൻ അവസരം ലഭിക്കും. ഇതിന് പുറമെ മികച്ച ആശയങ്ങൾക്ക് സമ്മാനത്തുകയും പ്രത്യേക അംഗീകാരങ്ങളും ലഭിക്കും.

എന്റെ യാത്ര തുടങ്ങുമ്പോൾ എനിക്ക് ഒന്നുമുണ്ടായിരുന്നില്ലെന്നും ഞാൻ നേടിയതെല്ലാം ഭാരതത്തിന്റെ മണ്ണ് എനിക്ക് നൽകിയതാണെന്ന് പദ്ധതി ഉദ്ഘാടനം ചെയ്ത് ഗൗതം അദാനി പറഞ്ഞു. നമ്മുടെ രാജ്യത്ത് നിരവധി പ്രതിഭകൾക്ക് ഉണ്ടെങ്കിലും എല്ലാവരിലേക്കും അവസരങ്ങൾ എത്തുന്നില്ല. എനിക്കിത് ചെയ്യാൻ കഴിയുമെങ്കിൽ ഏതൊരു ഇന്ത്യക്കാരനും സാധിക്കുമെന്നും അവർക്ക് വേണ്ടത് ഒരു അവസരവും വേദിയും മാത്രമാണെന്നും അദ്ദേഹം പറഞ്ഞു.

നടനും ടിവി അവതാരകനുമായ രാജീവ് ഖണ്ഡേൽവാൾ ആയിരിക്കും വന്ദേ ഭാരതത്തിന്റെ അംബാസഡറും അവതാരകനും.

# കേരളത്തിലെ വിദ്യാർത്ഥിനികൾ എന്തുകൊണ്ട് വിദേശത്തേക്ക് പോകുന്നു?

## സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി സി.പി.പി.ആർ പഠനം

**കൊച്ചി:** കേരളത്തിൽ നിന്നും വിദ്യാർത്ഥികൾ, പ്രത്യേകിച്ച് പെൺകുട്ടികൾ, ഉപരിപഠനത്തിനും തൊഴിലിനുമായി വിദേശത്തേക് പോകുന്നതിന്റെ പ്രധാന കാരണങ്ങൾ വിശകലനം ചെയ്തുകൊണ്ട് സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് 2026 ജൂണിൽ 'Kerala Girl Student Migration Study' എന്ന പഠനറിപ്പോർട്ട് പുറത്തിറക്കി. വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന് പിന്നിൽ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും രാഷ്ട്രീയപരവുമായ വിവിധ കാരണങ്ങളുണ്ടെന്ന് ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വ്യക്തമാക്കുന്നു.

**പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ:**

സ്വന്തം ഇഷ്ടപ്രകാരം തീരുമാനമെടുക്കുന്ന പെൺകുട്ടികൾ: വിദേശത്തേക്ക് പോകാനുള്ള തീരുമാനം മാതാപിതാക്കൾ അടിച്ചേൽപ്പിക്കുന്നതല്ല, മറിച്ച് ഭൂരിഭാഗം പെൺകുട്ടികളും സ്വന്തം താല്പര്യപ്രകാരം എടുക്കുന്നതാണ്. മാതാപിതാക്കൾ ഇതിന് പിന്തുണ നൽകുക മാത്രമാണ് ചെയ്യുന്നത്.

**സാമൂഹിക കാരണങ്ങൾ:** പെൺകുട്ടികളെ വിദേശത്തേക്ക് ആകർഷിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് കേരളത്തിലെ സാമൂഹിക സാഹചര്യങ്ങളാണ്. 52% പെൺകുട്ടികളും കേരളത്തിലെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്ന, എന്തിനെയും മുൻവിധികളോടെ സമീപിക്കുന്ന സമൂഹത്തെ ഭയന്ന് നാടുവിടാൻ ആഗ്രഹിക്കുമ്പോൾ, ആൺകുട്ടികൾ പ്രധാന കാരണമായി പറയുന്നത് വ്യക്തിസ്വാതന്ത്ര്യത്തിന്റെ കുറവാണ് (45%).

**സാമ്പത്തിക വിദ്യാഭ്യാസ കാരണങ്ങൾ:** നാട്ടിലെ പരിമിതമായ തൊഴിലവസരങ്ങളും കുറഞ്ഞ ശമ്പളവുമാണ് പെൺകുട്ടികളെ പിന്നോട്ട് വലിക്കുന്നത്



(32%). വിദ്യാഭ്യാസ രംഗത്ത് പ്രായോഗിക പരിശീലനത്തിന്റെ കുറവും ക്യാമ്പസ് സെലക്ഷനുകളുടെ അഭാവവും വിദേശത്തേക്ക് ചേക്കേറാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നു (35%).

**രാഷ്ട്രീയ വ്യവസ്ഥയോടുള്ള അതൃപ്തി:** യുവജനങ്ങളുടെ ആവശ്യങ്ങൾക്ക് രാഷ്ട്രീയ വ്യവസ്ഥിതി മുൻഗണന നൽകുന്നില്ലെന്നും അഴിമതിയും വികസനമില്ലായ്മയും കുടിയേറ്റത്തിന് കാരണമാകുന്നുണ്ടെന്നും ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ അഭിപ്രായപ്പെടുന്നു (39%).

**യുകെയും കാനഡയും പ്രിയപ്പെട്ട രാജ്യങ്ങൾ:** മലയാളി വിദ്യാർത്ഥികൾ വിദേശ പഠനത്തിനായി ഏറ്റവും കൂടുതൽ തിരഞ്ഞെടുക്കുന്നത് യുകെ (33%), കാനഡ (26%) എന്നീ രാജ്യങ്ങളാണ്.

**പഠനച്ചെലവ് കണ്ടെത്തുന്നത് കടമെടുത്ത്:** വിദേശ പഠനത്തിന് പോകുന്നവരിൽ ഭൂരിഭാഗം പേരും (67%) ബാങ്ക് വായ്പകളെയാണ് ആശ്രയിക്കുന്നത്. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ പഠനച്ചെലവുകൾ കണ്ടെത്തുന്നതിൽ കുടുംബത്തിന്റെ സമ്പാദ്യവും (25%) വലിയൊരു പങ്കുവഹിക്കുന്നുണ്ട്. എന്നാൽ മെറിറ്റ് അടിസ്ഥാനമാക്കിയുള്ള സ്കോളർഷിപ്പുകൾ ലഭിക്കുന്നത് വെറും 6% പേർക്ക് മാത്രമാണ്. എറണാകുളം (48%), കോട്ടയം (13%), പാലക്കാട് (7%) എന്നീ ജില്ലകൾ കേന്ദ്രീകരിച്ചാണ് ഈ പഠനം പ്രധാനമായും നടന്നത്.

കഴിഞ്ഞ ഒരു വർഷത്തിനിടെ വിദേശത്തേക്ക് പോയവരും, അടുത്ത ഒരു വർഷത്തിനുള്ളിൽ പോകാൻ തയ്യാറെടുക്കുന്നതുമായ 190 വിദ്യാർത്ഥികൾക്കിടയിലാണ് പഠനം നടത്തിയത്. ഇതിൽ നാലിൽ മൂന്ന് ഭാഗവും (74%) പെൺകുട്ടികളായിരുന്നു. ഈ പഠനത്തിനാധാരമായ വിവരശേഖരണവും സർവേകളും സംഘടിപ്പിച്ചത് 2024 നവംബറിലാണ്. മാതാപിതാക്കളുടെയോ കുടുംബത്തിന്റെയോ സമ്മർദ്ദത്താലല്ല, മറിച്ച് വിദ്യാർത്ഥിനികൾ സ്വന്തം താല്പര്യപ്രകാരമാണ് വിദേശപഠനം തിരഞ്ഞെടുക്കുന്നതെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യയിലെ ജനസംഖ്യയുടെ 3 ശതമാനത്തിൽ താഴെ മാത്രമുള്ള കേരളം, രാജ്യത്തെ ആകെ വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിൽ 4 ശതമാനത്തോളം സംഭാവന ചെയ്യുന്നുണ്ട്. ഇത് വളരെ ഉയർന്ന നിരക്കാണെന്നും നയരൂപകർത്താക്കൾ ഇത് ഗൗരവമായി കാണണമെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.




# സിനിമാറ്റിക് അനുഭവം ഒരുക്കാൻ പുത്തൻ ബ്രാവിയ തീയേറ്റർ ഓഡിയോ ശ്രേണിയുമായി സോണി

**കൊച്ചി:** തീയേറ്ററുകളിലേത് പോലുള്ള ശബ്ദാനുഭവം വീടുകളിൽ ലഭ്യമാക്കുന്നതിനായി ഫ്ളാഗ്ഷിപ്പ് മോഡലായ ബ്രാവിയ തീയേറ്റർ ട്രിയോ, ബ്രാവിയ തീയേറ്റർ ബാർ 7, ബ്രാവിയ തീയേറ്റർ ബാർ 5, ബ്രാവിയ തീയേറ്റർ സബ് 9, ബ്രാവിയ തീയേറ്റർ സബ് 8, ബ്രാവിയ തീയേറ്റർ റിയർ സ്പീക്കറുകളായ റിയർ 9, റിയർ 8 എന്നിവ പുതുതായി അവതരിപ്പിച്ച് സോണി ഇന്ത്യ.

പ്രീമിയം ഹോം എൻറർടൈൻമെന്റ് മേഖലയിൽ ഇന്ത്യൻ ഉപഭോക്താക്കളുടെ മാറുന്ന താല്പര്യങ്ങൾ മുൻനിർത്തിയാണ് മികച്ച ബാസും സറൗണ്ട് സൗണ്ടുമുള്ള ഈ ശ്രേണി ഒരുക്കിയിരിക്കുന്നത്. സോണിയുടെ അത്യാധുനിക 360 സ്പേഷ്യൽ സൗണ്ട് മാപ്പിംഗ്, ഡോൾബി അറ്റ്മോസ്, ഡി.ടി.എസ്. സാങ്കേതികവിദ്യകളും ഇതിലുണ്ട്.

വലിയ സ്ക്രീൻ ടെലിവിഷനുകൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രീമിയം വയർലെസ് ഹോം തീയേറ്റർ സിസ്റ്റമാണ് ബ്രാവിയ തീയേറ്റർ ട്രിയോ. മറ്റ് സബ്‌വൂഫറുകളുമായി കണക്ട് ചെയ്യുമ്പോൾ ഇതിന് 24 ഫാൻറം സ്പീക്കറുകൾ വരെ സൃഷ്ടിക്കാൻ സാധിക്കും. ഒൻപത് സ്പീക്കർ യൂണിറ്റുകളോടെ എത്തുന്ന 'ബാർ 7' മികച്ച സൗണ്ട് ഫീൽഡ് ഒപ്റ്റിമൈസേഷൻ നൽകുന്നു. വയർലെസ് സബ്‌വൂഫറോട് കൂടിയ 'ബാർ 5' വ്യക്തമായ സംഭാഷണങ്ങൾ കേൾക്കാൻ സഹായിക്കുന്ന വോയ്സ് സൂം 3 ഫീച്ചറുള്ളതാണ്. തീയേറ്റർ ക്വാളിറ്റി നൽകുന്ന സൂപ്പർ ഡീപ്പ് ബാസ്സ് സബ്‌വൂഫറുകളായ സബ് 9ൽ മികച്ച 600ഡബ്ല്യു ആംപ്ലിഫയറും, സബ് 8ൽ 300ഡബ്ല്യു ആംപ്ലിഫയറുമുണ്ട്.

സൗണ്ട് ബാറുകളുടെ സഹായമില്ലാതെ തന്നെ ബ്രാവിയ ടെലിവിഷനുകളിലേക്ക് സബ്‌വൂഫറുകളും റിയർ സ്പീക്കറുകളും നേരിട്ട് കണക്ട് ചെയ്യാൻ സഹായിക്കുന്ന സവിശേഷ ഫീച്ചറാണ് ബ്രാവിയ ഡയറക്ട് കണക്ട്. പുതിയ ബ്രാവിയ തീയേറ്റർ ഉൽപ്പന്നങ്ങൾ സോണി സെന്ററുകൾ, സോണി എക്സ്ക്ലൂസീവ് സ്റ്റോറുകൾ, ആമസോൺ, മറ്റ് പ്രമുഖ ഇകോമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവ വഴി ലഭ്യമാകും.

ബ്രാവിയ തീയേറ്റർ ട്രിയോ ഫ്ളാഗ്ഷിപ്പ് മോഡലിന്റെ എം.ആർ.പി. വില 2,39,990 രൂപയാണെങ്കിലും ഉപഭോക്താക്കൾക്ക് ഇത് 1,69,990 രൂപയ്ക്ക് സ്വന്തമാക്കാവുന്നതാണ്. ജൂലൈ 1 മുതൽ ഈ പ്രീമിയം സിസ്റ്റം വിപണിയിൽ ലഭ്യമായിത്തുടങ്ങും.

# സൂര്യാസ്തമയത്തിന് ശേഷവും ചൂടുവെള്ളം ലഭ്യമാക്കുന്ന സോളാർ ബാറ്ററി വികസിപ്പിച്ച് ഗവേഷകർ

**പൂനെ:** സൂര്യാസ്തമയത്തിന് ശേഷവും 12 മുതൽ 14 മണിക്കൂർ വരെ ചൂടുവെള്ളം ലഭ്യമാക്കുന്ന സോളാർ താപ സംഭരണ സംവിധാനം എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റിയിലെ ഗവേഷകർ വികസിപ്പിച്ചു. പാരഫിൻ മെഴുക് ഉപയോഗിച്ചുള്ള ഫേസ് ചേഞ്ച് മെറ്റീരിയൽ (പിസിഎം) അടിസ്ഥാനമാക്കിയ താപ ബാറ്ററിയിൽ സൗരോർജം സംഭരിക്കുന്ന സാങ്കേതികവിദ്യയാണ് ഇത്.

മെക്കാനിക്കൽ എൻജിനിയറിംഗ് വിഭാഗത്തിലെ ഡോ. അനിത നെനെയും ഡോ. രോഹിത് ഗാഡ്ഗെയും ചേർന്നാണ് സാങ്കേതികവിദ്യ വികസിപ്പിച്ചത്. 55 ശതമാനം താപ കാര്യക്ഷമത കൈവരിക്കുന്ന ഈ സംവിധാനം വൈദ്യുതിയുടെയും പരമ്പരാഗത ഇന്ധനങ്ങളുടെയും ഉപയോഗം കുറയ്ക്കാൻ സഹായിക്കുമെന്ന് ഗവേഷകർ പറഞ്ഞു.

നിലവിൽ സാങ്കേതികവിദ്യ പൈലറ്റ് പരീക്ഷണങ്ങൾക്ക് തയ്യാറെടുക്കുകയാണെന്നും വാണിജ്യാടിസ്ഥാനത്തിലുള്ള ഉപയോഗത്തിനായി വ്യവസായ സ്ഥാപനങ്ങളുമായി സഹകരണം തേടുകയാണെന്നും സർവകലാശാല അറിയിച്ചു.



# ഐസിഐസിഐ സിഗ്നേച്ചർ സെക്യൂർ പ്ലാൻ അവതരിപ്പിച്ചു

**കോഴിക്കോട്:** രാജ്യത്തെ ഇൻഷുറൻസ് മേഖലയിൽ ആദ്യമായി ഇൻബിൽറ്റ് ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യത്തോടെയുള്ള യുലിപ് പദ്ധതി അവതരിപ്പിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. ഐസിഐസിഐ പ്രു സിഗ്നേച്ചർ സെക്യൂർ എന്ന പേരിലാണ് ഒറ്റത്തവണ പ്രീമിയം അടച്ച് ചേരാവുന്ന പുതിയ പദ്ധതി. ഇത് നിശ്ചിത മെച്യൂരിറ്റി ആനുകൂല്യം, ലൈഫ് കവർ, നികുതി ലാഭത്തോടെയുള്ള സമ്പത്ത് വളർച്ച എന്നിവ ഒരുമിച്ച് ലഭ്യമാക്കും. പോളിസി കാലാവധി പൂർത്തിയാകുമ്പോൾ ഫണ്ട് മൂല്യമോ അല്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യമോ ഇതിൽ ഏതാണോ ഉയർന്നത് അത് ഉപഭോക്താവിന് ലഭിക്കും. പ്രാരംഭ പ്രീമിയത്തിന്റെ 140 ശതമാനം വരെ ഇത്തരത്തിൽ ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യമായി ലഭിക്കും. 45 വയസുള്ള ഒരു വ്യക്തി 5 ലക്ഷം രൂപ ഈ പദ്ധതിയിൽ ഒറ്റത്തവണയായി നിക്ഷേപിച്ചാൽ പോളിസി കാലാവധിയിൽ 6.25 ലക്ഷം രൂപയുടെ ലൈഫ് കവറും ഒപ്പം 7 ലക്ഷം രൂപയുടെ ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യവും ഉറപ്പാക്കാമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറഞ്ഞു.

# ദ്വാര കെജിഎഫ്എസ് ഡിജിറ്റൽ സർവീസസിന് പുതിയ സിഇഒ




**ചെന്നൈ:** ഗ്രാമീണ ഇന്ത്യയിൽ ഡിജിറ്റൽ സാമ്പത്തിക സേവനങ്ങൾ വ്യാപിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദ്വാര കെജിഎഫ്എസ് ഡിജിറ്റൽ സർവീസസ്, കമ്പനിയുടെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി (സിഇഒ) രാംകുമാർ രത്നത്തെ നിയമിച്ചു.

കഴിഞ്ഞ 12 വർഷമായി ദ്വാര ഗ്രൂപ്പിന്റെ ഭാഗമായ രാംകുമാർ, ഒടുവിൽ ദ്വാര കെജിഎഫ്എസിന്റെ ചീഫ് ബിസിനസ് ഓഫീസറായിരുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കും സൂക്ഷ്മ സംരംഭങ്ങൾക്കും സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കമ്പനി മുൻഗണന നൽകുക.

നിയമനത്തെ സ്വാഗതം ചെയ്ത ദ്വാര കെജിഎഫ്എസ് സിഇഒ എൽ.വി.എൽ.എൻ. മൂർത്തി, സാമ്പത്തിക ഉൾക്കൊള്ളലും ഉപഭോക്തൃകേന്ദ്രീകൃത സേവനങ്ങളും ശക്തിപ്പെടുത്തുന്നതിൽ രാംകുമാറിന്റെ നേതൃത്വം നിർണായകമാകുമെന്ന് പറഞ്ഞു.

# എച്ച്.ഡി.എഫ്.സിക്ക് 99.7% ക്ലെയിം സെറ്റിൽമെന്റ് അനുപാതം



സമീർ യോഗീശ്വർ

**മുംബൈ:** മുൻനിര ഇൻഷുറൻസ് കമ്പനികളിലൊന്നായ എച്ച്.ഡി.എഫ്.സി ലൈഫ്, 2026 സാമ്പത്തിക വർഷത്തിൽ വ്യക്തിഗത മരണ ക്ലെയിമുകളിൽ 99.7% ക്ലെയിം സെറ്റിൽമെന്റ് അനുപാതം കൈവരിച്ചു. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സൗകര്യങ്ങളിലൂടെയും ഉപഭോക്തൃ കേന്ദ്രീകൃത പ്രക്രിയകളിലൂടെയും തടസരഹിതവും ലളിതവുമായ ക്ലെയിം അനുഭവമാണ് കമ്പനി ഉറപ്പാക്കുന്നത്. വേഗത്തിലുള്ള സേവനത്തിനായി ഡിജിറ്റൽ വർക്ക്ഫ്ലോകൾ, ഓട്ടോമേഷൻ, എഐ സാങ്കേതികവിദ്യകൾ എന്നിവ പ്രയോജനപ്പെടുത്തുന്നതായും, പ്രോജക്റ്റ് ഇൻസ്പയറിന് കീഴിൽ സീറോ ടച്ച് പ്രോസസിങ്ങും തത്സമയ പേയ്മെന്റും നടപ്പിലാക്കുന്നുണ്ടെന്നും എച്ച്.ഡി.എഫ്.സി ലൈഫ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ സമീർ യോഗീശ്വർ വ്യക്തമാക്കി. ഉപഭോക്താക്കൾക്ക് ഡിജിറ്റലായും അല്ലാതെയും എളുപ്പത്തിൽ ക്ലെയിമുകൾ സമർപ്പിക്കാനും ട്രാക്ക് ചെയ്യാനും നിലവിൽ സൗകര്യമുണ്ട്. ക്ലെയിം പ്രക്രിയ സുഗമമാക്കുന്നതിനായി പോളിസി എടുക്കുമ്പോൾ ആരോഗ്യവിവരങ്ങൾ കൃത്യമായി വെളിപ്പെടുത്തണമെന്നും, നോമിനി വിവരങ്ങളും ഫോൺ നമ്പറുകളും കൃത്യമായി അപ്ഡേറ്റ് ചെയ്യണമെന്നും കമ്പനി അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com